മണ്ണുപരിശോധന

297 (1229) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ശശികുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയമായ വളപ്രയോഗത്തിന് മണ്ണിന്റെ സാമ്പിളുകൾ പരിശോധിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മണ്ണുപരിശോധനയ്ക്കായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) സജ്ജീകരിക്കുന്ന മണ്ണുപരിശോധനശാലകൾ എത്രയെണ്ണം ഉണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഇത്തരം കൂടുതൽ പരിശോധനാശാലകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മണ്ണുപരിശോധനയിലൂടെ വളപ്രയോഗം നടത്തുന്നതുമൂലമുള്ള നേട്ടം കർഷകരെ ബോധ്യപ്പെടുത്തുന്നതിന് വിവിധ പ്രദേശങ്ങളിൽ മാതൃകാ കൃഷിസ്ഥലങ്ങൾ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി വകുപ്പിൽ എല്ലാ ജില്ലകളിലും സ്ഥായിയായിട്ടുള്ള മണ്ണ് പരിശോധനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കാസർഗോഡ് എന്നിവ ഒഴികെ ഉള്ള ഒൻപതു ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിൽ എല്ലാം കൂടി ഒരു വർഷം 288000 സാമ്പിളുകൾ പരിശോധിക്കുവാനുള്ള ശേഷിയുണ്ട്. 2009-10 വർഷത്തിൽ 215147 സാമ്പിളുകൾ പരിശോധന നടത്തി ശിപാർശകൾ നൽകിയിട്ടുണ്ട്. വിളയും അതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെയും അടിസ്ഥാനത്തിൽ മണ്ണു പരിശോധിച്ചു ശിപാർശ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇന്റർനെറ്റ് മുഖേന കർഷകന് നേരിട്ട് ശിപാർശകൾ അറിയുന്നതിനുള്ള സംവിധാനവും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന പദ്ധതികളും ഈ മേഖലയിൽ നടപ്പാക്കുവാൻ തുടക്കം കുറിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

1. നാഷണൽ പ്രോജക്ട് ഓൺ മാനേജ്മെന്റ് ഓഫ് സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി 2008-09 മുതൽ 2011-12 കാലഘട്ടത്തിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റ് ആവിഷ്കൃത പദ്ധതിയാണ്. കൃഷി വകുപ്പിൽ പുതിയ അഞ്ച് സബ്രദിക്കുന്ന മണ്ണു പരിശോധനശാലകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. വളരെ അധികം സബ്സിഡി നൽകി കർഷകർക്കു നൽകുന്ന രാസവളങ്ങൾ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ മൂലകനഷ്ടം വരികയില്ല എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

2. 2009-10-ൽ സംസ്ഥാന സർക്കാർ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാന പാടശേഖരങ്ങളായ കുട്ടനാട്, തൃശ്ശൂർ കോൾ, പാലക്കാട് എന്നിവയുടെ മണ്ണ് പരിശോധന നടത്തി ഉല്പാദനം കൂട്ടുവാനുള്ള ശിപാർശകൾ നിർദ്ദേശിക്കാൻ ആരംഭിച്ചു. പൈലറ്റ് പദ്ധതിയാണിത്. 2011 ഡിസംബറിൽ പൂർത്തീകരിക്കും. ഈ പ്രദേശത്തെ 15400 മണ്ണ് സാമ്പിളുകളാണ് പരിശോധിക്കുന്നത്.

3. സോയിൽ ബേസ്ഡ് പ്ലാന്റ് ന്യൂട്രിയന്റ് മാനേജ്മെന്റ്, പ്ലാൻ ഫോർ അഗ്രോ എക്കോളജിക്കൽ സോൺസ് ഓഫ് കേരള. മേൽപദ്ധതിയുടെ തുടർച്ചയായി നടപ്പുവർഷം സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണിത്. 2013 നവംബർ മാസത്തോടുകൂടി പൂർത്തീകരിക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്തെ 23 കാർഷിക പാരിസ്ഥിതിക മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ആകെ 229322 മണ്ണ് സാമ്പിളുകളുടെ 11 ഘടകങ്ങൾ പരിശോധിച്ച് ശിപാർശകൾ നടത്തുന്നതാണ്. 2010-11 വർഷത്തിൽ 114200 സാമ്പിളുകളും ബാക്കി 2011-12 വർഷത്തിലും ശേഖരിക്കുന്നതാണ്. ജലസ്രോതസ്സുകൾ, വനം എന്നീ പ്രദേശങ്ങൾ ഒഴികെയുള്ള ഓരോ 10 ഹെക്ടറിൽ നിന്നും ഒരു സാമ്പിൾ പരിശോധിച്ച് ശിപാർശകൾ നടത്തുവാനാണുദ്ദേശിക്കുന്നത്. ഓരോ പഞ്ചായത്ത് പ്രദേശത്തും ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കാനാണുദ്ദേശിക്കുന്നത്. ഇതിനുപുറമെ കേരളത്തിലെ 23 പാരിസ്ഥിതിക മേഖലകളിലും ഇപ്പോൾ അനുഭവിക്കുന്ന ഉല്പാദനക്കുറവ് എങ്ങനെ പരിഹരിക്കാം എന്നും അതിനായുള്ള ദീർഘകാല ശിപാർശകളും മുപ്പതുകളും തയ്യാറാക്കുക എന്നാണ് പദ്ധതി ലക്ഷ്യം. സംസ്ഥാന കൃഷി വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, നാഷണൽ ബ്യൂറോ ഓഫ് സോയിൽ സാംപ്ലിംഗ് ആന്റ് ലാന്റ് യൂസ് പാറ്റേൺ എന്നീ സ്ഥാപനങ്ങളാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിളയും പദ്ധതിയും അടിസ്ഥാനപ്പെടുത്തിയാണ് മാനദണ്ഡം നിശ്ചയിക്കുന്നത്.

(സി) പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെ, ഒൻപത് ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണു പരിശോധനാ ലാബുകൾ ഉണ്ട്.

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള നാഷണൽ പ്രോജക്ട് ഓൺ സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി പ്രകാരം പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കാസർഗോഡ് ജില്ലകൾക്കും സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകൾ വാങ്ങിയിട്ടുണ്ട്.

(ഇ) നിലവിൽ 64 ബ്ലോക്കുകളിൽ മാതൃകാ കൃഷി സ്ഥലങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട് ഓരോ ബ്ലോക്കിനും 10,000 രൂപ വീതം ഇതിനായി ചെലവഴിക്കുന്നു.

കീടനാശിനികളുടെ അമിത ഉപയോഗം

258 (1230) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും അപകടകരങ്ങളായ കീടനാശിനികൾ നിരോധിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ബന്ധപ്പെട്ട കൃഷി ഓഫീസറുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രമേ മാരകമായ കീടനാശിനികളുടെ പ്രയോഗം നടത്താവൂ എന്നത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വകുപ്പിൽ നിന്നും എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനി വിൽപ്പന നടത്താവൂ എന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 22/2011 എന്ന ഉത്തരവ് 17-1-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കൂടാതെ അമിത വിഷ വീര്യമുള്ള ചുവപ്പ്, മഞ്ഞ എന്നീ ലേബലുകളിൽ വിപണനം നടത്തുന്ന കീടനാശിനികളുടെ ഉപയോഗം കാസർഗോഡ് ജില്ലയിൽ പൂർണ്ണമായും നിരോധിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 310/2010/കൃഷി തീയതി 2-12-2010 നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly